(*b*) if so, whether applications have been received so far;
(*c*) whether any such application has been sanctioned; and
(*d*) if so, the names of such applicants with the quantity sanctioned in each case ?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon)** : (*a*) Yes.

(*b*) Applications have been received from some Colleges. As regards schools, the Director of Public Instructions has been asked to invite applications from managements of schools intending to put up new buildings and to send up to Government a consolidated list of the applications with his recommendations by the middle of March this year.

(*c*) One application from a private College has been sanctioned.

(*d*) The Scott Christian College, Nagercoil—500 candies of jungle-wood.

DR. KOSHI

***226.** [25] **Sri. Paul Thaliath :** Will the Hon'ble Minister for Education be pleased to state.—

(*a*) is it a fact that a representation has been given to the Government of India by Dr. Koshi, the former Principal of the University College, asking to re-entertain him in the service;

(*b*) whether the Government have received a direct representation from him to this effect ; and

(*c*) if the answers to (*a*) or (*b*) or both be in the affirmative, the action taken?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon) :**

(*a*) The Government have no information.

(*b*) No such representation is pending action.

(*c*) Does not arise.

ശമ്പളക്കുടിശ്ശിക

*൨൨ ൭. (൨൩) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിലെ റവന്യൂ വകുപ്പിലെ കണ്ടിജൻസി ജോലിക്കാരായ തൂപ്പുകാർ, കടത്തുവള്ളക്കാർ മുതലായ ചെറിയ ശമ്പളക്കാരുടെ ൧൯൫൦— ൫൧ ഈ വർഷത്തിലെ ശമ്പളം കുടിശ്ശികയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാസത്തേത്°;

(സി) കുടിശ്ശികയാകുവാൻ കാരണമെന്ത്°?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ട്°.

(ബി) മൂന്നു മാസത്തെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്°.

(സി) ഈ കൊല്ലത്തെ ബഡ്ഡറ്റിൽ അനുവദിച്ചിട്ടുള്ള തുക, കുടിശ്ശിക കൊടുത്തു തീർക്കാൻ പോരാതെവന്നു. അതിനാൽ അതിലേക്കായി ഇപ്പോൾ കൂടുതൽ തുക അനുവദിക്കുകയും, കുടിശ്ശിക ഉടനടി കൊടുത്തുതീർക്കണമെന്നു റവന്യൂ ബോർഡിനു° നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്°.

വൈദ്യസംഘടന

*൨൨൭. (൯ ൫) ശ്രീ. എ. വി. ജോസഫ്°: താഴെ പറയുന്ന ചോദ്യങ്ങൾക്കു° ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം പറുപടി പറയുമോ.—

(എ) അഖിലതിരുവിതാംകൂർ ആയുർവേദ ഗ്രാന്റു° വൈദ്യസംഘടനയുടെ ആഭിമുഖ്യത്തിൽ ൧൯ ൦ ഒക്ടോബർ ൨൯-ാംനു- മുവാറ്റുപുഴ വൈദ്യമഠി

LIBRARY ARCHIVES Kerala Legislative Assembly

സ്ക്കൂളിലേക്ക് ചേർന്ന് സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയങ്ങളും ബഹുമാനപ്പെട്ട ഗവൺമെണ്ടിനു് കിട്ടിയോ;

(ബി) ഉണ്ടെങ്കിൽ അതിനു് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കിട്ടിയിട്ടുണ്ടു്.

(ബി) ഉണ്ടു്.

വ്യവസായശാലകൾ

*൨൮൯ (൯൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തുള്ള എത്ര വ്യവസായശാലകൾ ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ചിട്ടുണ്ടു്;

(ബി) ഓഗയിൽഗ്ലാസ് കമ്പനി, ഇൻഡ്യൻ അലുമിനിയം കമ്പനി മുതലായ കമ്പനികൾ സന്ദർശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ കമ്പനികളിൽ ഉണ്ടാകുന്ന വിഷവായുവിൽ നിന്നും അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കുവാനുള്ള ശരിയായ രക്ഷാ വ്യവസ്ഥകൾ ഉണ്ടോ;

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രധാനമായ പല വ്യവസായശാലകളും സന്ദർശിച്ചിട്ടുണ്ടു്. എത്രയെന്നു കൃത്യമായി കണക്കു വെച്ചിട്ടില്ല.

(ബി) ഉവ്വു്.

(സി) ഇൻഡ്യൻ അലുമിനിയം കമ്പനിയിൽനിന്നോ ഓഗൽഗ്ലാസ് ഫാക്ടറിയിൽനിന്നോ വിഷവായു വമിക്കുന്നില്ല. അല്ലെങ്കിലും ദോഷകരമായ വായുക്കൾ വെളിയിൽ തള്ളുന്നതിനു് സമർത്ഥമായ വെൻറിലേഷൻ ഈ ഫാക്ടറികളിൽ ഉണ്ടു്.

പെൻഷൻ തുക

*൨൯൦. (൯൬) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫൈനാൻസ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പെൻഷൻ തുക വർദ്ധിപ്പിച്ചു സഹായിക്കാൻ ഏതെങ്കിലും പെൻഷ്യൻറ ഉദ്യോഗസ്ഥന്മാരുടെ ആവലാതി ഹർജികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്മാർ ആരെല്ലാം?

(സി) ഇവരുടെ പെൻഷൻ തുകകൾ യഥാക്രമം എങ്ങിനെ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പെൻഷൻപറ്റുന്ന മിക്ക ഉദ്യോഗസ്ഥന്മാരും പെൻഷൻ തുക വർദ്ധിപ്പിച്ചു കിട്ടണമെന്ന ആവലാതിപ്പെടാറുണ്ടു്.

(ബി) അപ്രകാരം അപേക്ഷിക്കുന്നവരുടെ ലിസ്റ്റ് പ്രത്യേകം സൂക്ഷിക്കാറില്ല.

(സി) ബി-യുടെ ഉത്തരത്തിൽനിന്നും സി. ഉദിക്കുന്നില്ല.

കായംകുളം ആശുപത്രി

*൨൯൧. (൯൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly